# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 763 — 20.03.2013-ൽ മറുപടിക്ക്

## കൊല്ലം ജില്ലയിലെ ഗവൺമെന്റ് ആശുപത്രികളുടെ കെട്ടിടനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ഈ സർക്കാർ നിലവിൽ വന്ന ശേഷം കൊല്ലം ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രികളിൽ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ട് ; ആശുപത്രികളുടെ പേരും, തുകയും അറിയിക്കുമോ ; | (എ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കൊല്ലം - 700 ലക്ഷം, താലൂക്ക് ആശുപത്രി പുനലൂർ - 90 ലക്ഷം, താലൂക്ക് ആശുപത്രി കടയ്ക്കൽ - 50 ലക്ഷം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പത്തനാപുരം - 39 ലക്ഷം തുടങ്ങിയ സർക്കാർ ആശുപത്രികളിൽ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിലെ നിലവിലുള്ള കെട്ടിടങ്ങളുടെ കാലപ്പഴക്കവും അസൗകര്യങ്ങളും ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ; | (ബി) |
| (സി) എൻ.ആർ.എച്ച്.എം. ഫണ്ട് / ഇതര ഫണ്ടുകൾ ഉപയോഗിച്ച് പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം സാദ്ധ്യമാക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ബന്ധപ്പെട്ടവർക്ക ലഭിച്ചിരുന്നുവോ ; | (സി) ഉണ്ട്. കെട്ടിടനിർമ്മാണം സംബന്ധിച്ച് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) എങ്കിൽ, വസ്തുതകൾ ബോദ്ധ്യപ്പെട്ട് മുൻഗണനാക്രമം നിശ്ചയിച്ച് പ്രസ്തുത ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുവാൻ സന്നദ്ധമാകുമോ ; ലഭിച്ച അപേക്ഷയിന്മേലുള്ള നടപടികൾ അറിയിക്കുമോ ? | (ഡി) |

സെക്ഷൻ ഓഫീസർ